# മഹാത്മാ ഗാന്ധി സർവ്വകലാശാല

## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം–686 560

ഫോൺ: 0481 – 2733298, മൊബൈൽ : 9495119702


2019 ഓഗസ്റ്റ് 16

# വാർത്താക്കുറിപ്പ്

## പ്രാക്ടിക്കൽ

2019 ജൂലൈയിൽ നടന്ന രണ്ടാം സെമസ്റ്റർ എം.എ. ഭരതനാട്യം, മോഹിനിയാട്ടം (സി.എസ്.എസ്. - 2018 അഡ്മിഷൻ റഗുലർ/2015, 2016, 2017 അഡ്മിഷൻ സപ്ലിമെന്ററി/2012, 2013, 2014 അഡ്മിഷൻ മേഴ്സി ചാൻസ്) പരീക്ഷകളുടെ പ്രാക്ടിക്കൽ ഓഗസ്റ്റ് 20 മുതൽ 22 വരെ തൃപ്പൂണിത്തുറ ആർ.എൽ.വി. കോളേജിൽ നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1534/2019)

## പരീക്ഷകേന്ദ്രത്തിൽ മാറ്റം

മൂന്നും നാലും സെമസ്റ്റർ യു.ജി. പ്രൈവറ്റ് പരീക്ഷയ്ക്ക് കൊച്ചിൻ കോളേജ് പ്രധാനകേന്ദ്രമായി അപേക്ഷിച്ച രജിസ്റ്റർ നമ്പർ 170050015411 മുതൽ 170050015542 വരെയുള്ള ഫിനാൻസ് ആന്റ് ടാക്സേഷൻ വിദ്യാർഥികൾ കൊച്ചിൻ കോളേജിൽ നിന്നും ഹാൾടിക്കറ്റ് വാങ്ങി മുളന്തുരുത്തി നിർമ്മല ആർട്സ് ആന്റ് സയൻസ് കോളേജിൽ പരീക്ഷയെഴുതണം.

രജിസ്റ്റർ നമ്പർ 170050030267 മുതൽ 170050030301 വരെയുള്ള കോ-ഓപ്പറേഷൻ വിദ്യാർഥികൾ മുളന്തുരുത്തി നിർമ്മല ആർട്സ് ആന്റ് സയൻസ് കോളേജിൽ നിന്നും ഹാൾടിക്കറ്റ് വാങ്ങി അവിടെത്തന്നെ പരീക്ഷയെഴുതണം.

കളമശ്ശേരി സെന്റ് പോൾസ് കോളേജ് പ്രധാനകേന്ദ്രമായി അപേക്ഷിച്ചിട്ടുള്ള രജിസ്റ്റർ നമ്പർ 170050030351 മുതൽ 170050030401 വരെയുള്ള ഫിനാൻസ് ആന്റ് ടാക്സേഷൻ വിദ്യാർഥികൾ കളമശേരി സെന്റ് പോൾ കോളേജിൽ നിന്നും ഹാൾടിക്കറ്റ് വാങ്ങി മുളന്തുരുത്തി തലകോട് നിർമല ട്രെയിനിംഗ് കോളേജിൽ പരീക്ഷയെഴുതണം.

(പി.ആർ.ഒ./39/1535/2019)

## മാലിന്യ സംസ്കരണത്തിൽ കർശന നിയമങ്ങളും മാർഗനിർദ്ദേശങ്ങളും വേണം: ഡോ. ബാസ്റ്റിൻ സെന്റിയർ

മാലിന്യം ഉല്പാദിപ്പിക്കുന്നവരുടെ തന്നെ ചെലവിൽ സംസ്ക്കരിക്കൽ, മാലിന്യം കൊണ്ടുപോകൽ, തരംതിരിച്ചുള്ള സംസ്ക്കരണം എന്നിവയിലടക്കം കർശന നിയമങ്ങളും മാർഗനിർദ്ദേശങ്ങളും നടപ്പാക്കണമെന്ന് ഫ്രാൻസിലെ സൗത്ത് ബ്രിറ്റണി സർവകലാശാലയിലെ അസോസിയേറ്റ് പ്രൊഫസർ ഡോ. ബാസ്റ്റിൻ സെന്റിയർ പറഞ്ഞു.

മഹാത്മാ ഗാന്ധി സർവകലാശാല ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെല്ലിന്റെ ആഭിമുഖ്യത്തിൽ മാലിന്യസംസ്കരണത്തെക്കുറിച്ച് സംഘടിപ്പിച്ച പ്രഭാഷണ പരിപാടിയിൽ പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. പുനരുപയോഗം, പുനചംക്രമണം, പുനരുപയോഗിക്കാവുന്ന വസ്തുക്കളുടെ ഉപയോഗം എന്നിവയാണ് മാലിന്യം കുറയ്ക്കാനുള്ള പ്രധാന മാർഗങ്ങൾ. മാലിന്യം ഉല്പാദിപ്പിക്കുന്ന ഘട്ടം മുതൽ വേർതിരിച്ച് സംസ്കരിക്കുന്ന ഘട്ടം വരെയുള്ള സാങ്കേതികവിദ്യയടക്കം ലഭ്യമാക്കുന്നതിന് മാർഗനിർദ്ദേശം നൽകാൻ കൺസൾട്ടന്റിന്റെ സേവനം നിയമപരമായി നൽകി ഫ്രാൻസിൽ സ്വീകരിച്ചിട്ടുള്ള മാർഗങ്ങളെക്കുറിച്ച് അദ്ദേഹം വിശദീകരിച്ചു.

സ്കൂൾ ഓഫ് കെമിക്കൽ സയൻസസിൽ നടന്ന പരിപാടിയിൽ ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെൽ ജോയിന്റ് ഡയറക്ടർ ഡോ. റോബിനറ്റ് ജേക്കബ്, സ്കൂൾ ഓഫ് കെമിക്കൽ സയൻസസ് ഡയറക്ടർ പ്രൊഫ. ബീന മാത്യു എന്നിവർ പ്രസംഗിച്ചു. വിദ്യാർഥികളും ജീവനക്കാരും പങ്കെടുത്തു.

## ഫോട്ടോ ക്യാപ്ഷൻ

**മഹാത്മാ ഗാന്ധി സർവകലാശാല ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെല്ലിന്റെ ആഭിമുഖ്യത്തിൽ മാലിന്യസംസ്കരണത്തെക്കുറിച്ച് സംഘടിപ്പിച്ച പ്രഭാഷണ പരിപാടിയിൽ ഫ്രാൻസിലെ സൗത്ത് ബ്രിറ്റണി സർവകലാശാലയിലെ അസോസിയേറ്റ് പ്രൊഫസർ ഡോ. ബാസ്റ്റിൻ സെന്റിയർ പ്രസംഗിക്കുന്നു**

(പി.ആർ.ഒ./39/1536/2019)

**മഹാത്മാഗാന്ധി സർവകലാശാലയിൽ സ്വാതന്ത്ര്യദിനാഘോഷം**

# സാമൂഹിക നീതി ഉറപ്പാക്കാൻ എല്ലാവരും നിലകൊള്ളണം: പ്രൊഫ. സാബു തോമസ്

സാമൂഹിക നീതി ഉറപ്പാക്കാൻ എല്ലാവരും നിലകൊള്ളണമെന്ന് മഹാത്മാഗാന്ധി സർവകലാശാല വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് പറഞ്ഞു. സർവകലാശാലയിലെ സ്വാതന്ത്ര്യദിനാഘോഷചടങ്ങിൽ ദേശീയ പതാകയുയർത്തിയശേഷം സ്വാതന്ത്ര്യദിന സന്ദേശം നൽകുകയായിരുന്നു അദ്ദേഹം.

മതനിരപേക്ഷതയും വൈവിധ്യങ്ങളും സംരക്ഷിച്ച് രാജ്യത്തെ മുന്നോട്ടുനയിക്കാനും സാമൂഹിക നീതി ഉറപ്പാക്കാനുമുള്ള ചിന്തകൾ മനസിൽ നിറയണം. ശാസ്ത്ര-സാങ്കേതിക രംഗങ്ങളിലും ആരോഗ്യരംഗത്തും രാജ്യം മികച്ച നേട്ടങ്ങൾ കൈവരിച്ചു. ജനസംഖ്യയിൽ ഇത്രയേറെ യുവജനങ്ങളുള്ള രാജ്യം വേറെയില്ല. യുവജനങ്ങളിലാണ് രാജ്യത്തിന്റെ ഭാവി. തൊഴിലിനെ ഉപാസനയായി കാണണം. ആത്മസമർപ്പണത്തോടെ ജോലി ചെയ്ത് ജനങ്ങൾക്ക് മികച്ച സേവനം ലഭ്യമാക്കുമെന്ന് ജീവനക്കാർ പ്രതിജ്ഞയെടുക്കണമെന്നും അദ്ദേഹം പറഞ്ഞു.

പ്രോ-വൈസ് ചാൻസലർ പ്രൊഫ. സി.ടി. അരവിന്ദകുമാർ, സിൻഡിക്കേറ്റംഗം ഡോ. ആർ. പ്രഗാഷ്, രജിസ്ട്രാർ പ്രൊഫ. കെ. സാബുക്കുട്ടൻ, പരീക്ഷ കൺട്രോളർ പ്രൊഫ. ബി. പ്രകാശ് കുമാർ, സെക്യൂരിറ്റി ഓഫീസർ കെ.എം. ജോർജ് എന്നിവർ പങ്കെടുത്തു. സർവകലാശാല ജീവനക്കാരും കുടുംബാംഗങ്ങളും പരിപാടിയിൽ പങ്കെടുത്തു. സുരക്ഷാ ജീവനക്കാരുടെ പരേഡ് പരിശോധിച്ച വൈസ് ചാൻസലർ അഭിവാദ്യം സ്വീകരിച്ചു. ഗാന്ധിപ്രതിമയിൽ പുഷ്പാർച്ചന നടത്തി.

## ഫോട്ടോ കാപ്ഷൻ

**(1) മഹാത്മാഗാന്ധി സർവകലാശാലയിൽ നടന്ന സ്വാതന്ത്ര്യദിനാഘോഷച്ചടങ്ങിൽ വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് ദേശീയപതാകയുയർത്തുന്നു.**

**(2) മഹാത്മാഗാന്ധി സർവകലാശാലയിൽ നടന്ന സ്വാതന്ത്ര്യദിനാഘോഷച്ചടങ്ങിൽ വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് സ്വാതന്ത്ര്യദിന സന്ദേശം നൽകുന്നു. രജിസ്ട്രാർ പ്രൊഫ. കെ. സാബുക്കുട്ടൻ, പ്രോ-വൈസ് ചാൻസലർ പ്രൊഫ. സി.ടി. അരവിന്ദകുമാർ, സിൻഡിക്കേറ്റംഗം ഡോ. ആർ. പ്രഗാഷ്, പരീക്ഷ കൺട്രോളർ പ്രൊഫ. ബി. പ്രകാശ് കുമാർ, സെക്യൂരിറ്റി ഓഫീസർ കെ.എം. ജോർജ് എന്നിവർ സമീപം.**

(പി.ആർ.ഒ./39/1537/2019)

**എ. അരുൺ കുമാർ**

പബ്ലിക് റിലേഷൻസ് ഓഫീസർ